DESPATCHED
On. 25/2/23.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1552*(2)/2020*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **13788/*എസ്.ഐ.സി-ജി 6/20*)**

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.എം.ടി.ക്ലീറ്റസ്,
മംഗലശ്ശേരി വീട്,
ആസാദ് റോഡ്, നസ്രേത്ത്,
ആലുവ, എറണാകുളം - 683 101.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
കുന്നത്തുനാട് ഗ്രാമപഞ്ചായത്ത് കാര്യാലയം,
കുമാരപുരം പി.ഒ., എറണാകുളം ജില്ല - 683 565.

2. അപ്പീൽ അധികാരി&
പഞ്ചായത്ത് അസി.ഡയറക്ടർ,
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,
സിവിൽ സ്റ്റേഷൻ, കാക്കനാട്.
എറണാകുളം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 06.07.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 03.08.2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 26.08.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 28.09.2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 21.11. 2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 30.11. 2020 |
| ഹിയറിംഗ് നടന്ന തീയതി | 10.01.2023, ആലുവ പാലസ് ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാൾ, എറണാകുളം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

# <u>ഉത്തരവ്</u>

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ്.

2. അപ്പീൽ ഹർജിക്കാരൻ 06.07.2020ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) ആധാര നമ്പർ 4929/1998, 4928/1998, 237/2002 എന്നീ മൂന്ന് ആധാരപ്രകാരം ലഭ്യമായ സ്ഥലത്ത് ബിൽഡിംഗ് പെർമിറ്റ് No.P.167/09 അനുവദിക്കുന്നതു സംബന്ധിച്ച് അപേക്ഷയും അതോടൊപ്പം പഞ്ചായത്തിൽ ഹാജരാക്കിയ എല്ലാവിധ രേഖകളുടെ കോപ്പികൾ നൽകണമെന്നും

2) ഇതിനെ തുടർന്നാണോ The Verandah Garden എന്ന firmന് ടി ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചതെന്നും ആയതിന്റെ പകർപ്പ് നൽകണമെന്നും

3) The Verandah Garden എന്ന firmന് പഞ്ചായത്തിൽ ഹാജരാക്കിയ രേഖകളുടെ കോപ്പി നൽകണമെന്നും തുടങ്ങി 10 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ആയതിന് 03.08.2020ന് മറുപടി നൽകിയതായി കാണുന്നു.

3. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 28.09.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ എസ്.പി.ഐ.ഒ. മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ല എന്നു കാണിച്ച് ടി ഓഫീസിൽ അപ്പീൽ സമർപ്പിച്ചിരുന്നുവെന്നും അപ്പീൽ അധികാരി എസ്.പി.ഐ.ഒ.യോട് റിപ്പോർട്ട് ആവശ്യപ്പെട്ടതുപ്രകാരം മറുപടി ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത റിപ്പോർട്ടിന്റെയും അനുബന്ധ രേഖകളുടെയും അടിസ്ഥാനത്തിൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്നും ഒന്നാമത്തെ

ചോദ്യത്തിനൊഴികെ മറ്റു ചോദ്യങ്ങൾക്ക് നൽകിയ മറുപടി തൃപ്തികരമാണെന്നും അപ്പീൽ അധികാരി നിരീക്ഷിച്ചുവെന്നുമാണ്.

26.08.2020ന് സമർപ്പിച്ച അപ്പീൽ ഹർജിയിൽ ആക്ഷേപമുന്നയിച്ചിട്ടുള്ളത് പെർമിറ്റ് ഫയൽ ലഭ്യമാക്കണമെന്നും ബിൽഡിംഗിന്റെ പ്ലാൻ, ലേ ഔട്ട് പ്ലാൻ ഉൾപ്പെടെ എല്ലാ വിവരങ്ങളും ലഭ്യമാക്കണമെന്നും കെട്ടിടത്തിന് ഒക്കുപ്പൻസി, നമ്പർ എന്നിവ നൽകിയത് സംബന്ധിച്ച് അന്വേഷിക്കണമെന്നുമാണ്.

എസ്.പി.ഐ.ഒ.സമർപ്പിച്ച റിപ്പോർട്ടിൽ പെർമിറ്റ് ഫയൽ തെരച്ചിൽ നടത്തിയതിൽ കണ്ടെത്താൻ സാധിച്ചില്ല എന്നും ആഫീസിൽ ലഭ്യമായ നമ്പറിംഗ് ഫയലിൽ നിന്നുള്ള മൂന്നാംകക്ഷി വിവരങ്ങൾ ഒഴികെ ലഭ്യമായ മറ്റു വിവരങ്ങൾ ഹർജിക്കാരന് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ടെന്നും പെർമിറ്റ് ഫയൽ ലഭ്യമല്ല എന്നും തെരച്ചിൽ നടത്തിയതിൽ കണ്ടെത്താൻ സാധിച്ചില്ല എന്ന മറുപടിയും റിപ്പോർട്ടും തൃപ്തികരമല്ല എന്നും വിവരാവകാശ നിയമം 2005 വകുപ്പ് 2(എഫ്), 2(ജെ) പ്രകാരം "ഒരു പൊതുഅധികാരിയുടെ കൈവശത്തിലോ നിയന്ത്രണത്തിലോ ഉള്ള വിവരങ്ങൾ ലഭിക്കുക, ലഭ്യമായ രജിസ്റ്ററുകളും ഫയലിലെ രേഖകളും നേരിൽ പരിശോധിക്കുവാനും കുറിപ്പെടുക്കുവാനും ആവശ്യമായ പകർപ്പുകൾ എടുക്കുന്നതിനുമുള്ള അവസരമാണ് വിവരാവകാശ നിയമം ജനങ്ങൾക്ക് നൽകുന്ന അവകാശം" സ്ഥല പരിശോധന നടത്തി വിവരങ്ങൾ ലഭ്യമാക്കുക, കെട്ടിട നമ്പറിംഗുമായി ബന്ധപ്പെട്ട് ക്രമക്കേടുകൾ അന്വേഷിച്ച് ആയതിന് പരിഹാരം കാണുക, പരാതികൾ പരിഹരിക്കുക, വ്യവഹാരങ്ങൾക്ക് തീർപ്പ് കൽപ്പിക്കുക എന്നിവ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നില്ല എന്നു അപ്പീൽ അധികാരി നിരീക്ഷിച്ചുവെന്നാണ്.

എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിൽ ബഹു.കമ്മീഷന്റെ ഫയൽ നമ്പർ 3156/എസ്.ഐ.സി.ജി.2015 ഉത്തരവ് പ്രകാരം ശ്രീ.ടി.വി.റോബർട്ട് Vs അസിസ്റ്റന്റ് എഞ്ചിനീയർ, വടക്കൻ പറവൂർ നഗരസഭ, സെക്രട്ടറി വടക്കൻ പറവൂർ നഗരസഭ, എന്നിവർ ഉൾപ്പെട്ട വിവരാവകാശ അപ്പീലിന്മേൽ "കെട്ടിട

നിർമ്മാണ അപേക്ഷയോടൊപ്പമുള്ള കെട്ടിടത്തിന്റെ പ്ലാൻ, ആധാരത്തിന്റെ പകർപ്പ് എന്നിവ വിവരാവകാശ നിയമപ്രകാരം മറ്റൊരാൾക്ക് നൽകേണ്ട തില്ല'' എന്ന് വ്യക്തമാക്കിയിട്ടുള്ളതാണെന്നും ആയതിനാൽ മറ്റൊരാളുടെ സ്വകാര്യതയെ ബാധിക്കുമെന്നതിനാൽ കെട്ടിടത്തിന്റെ പ്ലാനിന്റെയും ആധാ രത്തിന്റെയും പകർപ്പുകൾ എസ്.പി.ഐ.ഒ. നൽകാത്തതിൽ അപാകതയി ല്ലെന്ന് അപ്പീൽ അധികാരി വിലയിരുത്തിയെന്നുമാണ്.

ടി വിലയിരുത്തലിന്റെയും നിരീക്ഷണത്തിന്റെയും അടിസ്ഥാനത്തിൽ ഈ ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം പെർമിറ്റ് ഫയൽ കണ്ടെത്തി മൂന്നാം കക്ഷി വിവരങ്ങൾ ഒഴികെ അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങ ളുടെ പകർപ്പുകൾ വിവരാവകാശ നിയമം സെക്ഷൻ 7(3)(എ), കേരള വിവ രാവകാശ (ഫീസിന്റേയും ചെലവിന്റേയും ക്രമീകരണം) ചട്ടങ്ങൾ 2006 ചട്ടം 4 എന്നിവ പ്രകാരം ഫീസ് നിശ്ചയച്ച് ഫീസ് അടയ്ക്കുവാൻ ആവശ്യപ്പെട്ട് അപ്പീൽവാദിയ്ക്ക് നോട്ടീസ് അയയ്ക്കുന്നതിനും ഫീസ് അടയ്ക്കുന്ന മുറയ്ക്ക് പകർപ്പ് ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതിനും എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കിയെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയി ട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും തൃപ്തികര മായ മറുപടി ലഭ്യമാക്കിയില്ലെന്നാണ് ടിയാന്റെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, ഹർജി ക്കാരന്റെ അപേക്ഷയിലെ ചോദ്യം 1ന് തെറ്റായ മറുപടിയാണ് നൽകിയ തെന്നും എന്നാൽ അപ്പീൽ തീർപ്പാക്കൽ ഉത്തരവിൽ മറുപടി വ്യക്തമാക്കി യിട്ടുണ്ടെന്നും കമ്മീഷൻ നിരീക്ഷിക്കുന്നു. കൂടാതെ ഹർജിക്കാരന്റെ രണ്ടാം അപ്പീലിന്മേൽ കൂടുതൽ ചോദ്യങ്ങൾ ഉൾപ്പെടുത്തിയതായും കമ്മീഷൻ കാണുന്നു. എന്നാൽ ഹർജിക്കാരന് പ്ലാനിന്റെ പകർപ്പ് നൽകണ മെന്നും ഒരു മാസത്തിനുള്ളിൽ ടിയാൻ ആവശ്യപ്പെട്ട രേഖകൾ നൽകണമെന്നും പ്രസ്തുത വിവരം രേഖപ്പെടുത്തിയ റിപ്പോർട്ട് കമ്മീഷനിൽ സമർപ്പിക്കണമെന്നും ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകിയതു

പ്രകാരം 01.02.2023ന് ഒന്നാം എതിർകക്ഷി കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹീയറിംഗിലെ നിർദ്ദേശാനുസരണം അപ്പീലിന് കാരണമായ രേഖകളടങ്ങിയ P-167/2009-10 പെർമിറ്റ് ഫയൽ കണ്ടെത്തുന്നതിന് 10.02.2023ൽത്തന്നെ ടി ഓഫീസിലെ ജീവനക്കാരെ ഓഫീസ് ഉത്തരവ് 03/2023 പ്രകാരം തെരച്ചിൽ നടത്തുന്നതിനായി ചുമതല പ്പെടുത്തിയിരുന്നെങ്കിലും പ്രസ്തുത ഫയൽ ടി ഓഫീസിൽ കണ്ടെത്തുവാൻ സാധിച്ചിട്ടില്ലെന്നാണ്. ആയതിനാൽ കമ്മീഷന്റെ ഹീയറിംഗിലെ നിർദ്ദേശമനു സരിച്ച് കെട്ടിട സമുച്ചയ ഉടമയ്ക്ക് ടി ഓഫീസിൽ നിന്നും വാക്കാൽ നൽകിയ നിർദ്ദേശപ്രകാരം ഇവർ കെട്ടിട നിർമ്മാണ അനുമതിയ്ക്കായി ടി ഓഫീസിൽ സമർപ്പിച്ച അപേക്ഷ, അംഗീകരിച്ച പ്ലാൻ, മറ്റ് അനുബന്ധ രേഖ കൾ എന്നിവയുടെ പകർപ്പുകൾ ടി ഓഫീസിൽ 30.01.2023 തീയതിയിൽ ഹാജരാക്കിയിട്ടുള്ളതാണെന്നും ആയതിന്റെ പകർപ്പുകൾ ഉൾപ്പെടെ ഹർജി ക്കാരൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾ 01.02.2023ന് രജിസ്റ്റേർഡ് തപാൽ മുഖാന്തിരം അപേക്ഷകന് അയച്ചു നൽകിയിട്ടുണ്ടെന്നുമാണ്.

5. മേൽപ്പടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2023 ഫെബ്രുവരി 13-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി(ധനകാര്യം)
Ge/

STATE INFORMATION COMMISSION